# പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2081 12.02.2013-ൽ മറുപടിയ്ക്ക്.

## ദേശാടന പക്ഷികളുടെ സംരക്ഷണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി ഗീതാഗോപി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ വിവിധ ജില്ലകളിലായി പരന്നു കിടക്കുന്ന കോൾകൃഷി നിലങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ എത്തിച്ചേരുന്ന ദേശാടന പക്ഷികളുടെ സംരക്ഷണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കോൾ നിലങ്ങളും നിലയോര വൃക്ഷങ്ങളും വ്യാപകമായി നശിപ്പിക്കപ്പെടുന്നതും പക്ഷിവേട്ടക്കാരുടെ ശല്യവും ശ്രദ്ധയിൽപ്പെട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ദേശാടന പക്ഷികളുടെ സ്വതന്ത്ര സഞ്ചാരവും ആവാസ വ്യവസ്ഥയും സംരക്ഷണവും ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഭാവിയിൽ പ്രാവർത്തികമാക്കുവാൻ ആലോചിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) കേരളത്തിൽ കണ്ടു വരുന്ന ഏകദേശം 502 പക്ഷികളിൽ ഉദ്ദേശം 164 എണ്ണവും ദേശാടന പക്ഷികളാണ്. ഈ പക്ഷികളിൽ പലതും സംസ്ഥാനമൊട്ടാകെയുള്ള ആവാസ വ്യവസ്ഥയിൽ വന്ന് ചേക്കേറി തിരിച്ചു പോകുന്നതായാണ് കാണപ്പെടുന്നത്. എന്നാൽ തണ്ണീർത്തടങ്ങളിൽ മാത്രം കണ്ടുവരുന്ന ദേശാടന പക്ഷികൾ മലിനീകരണം, വേട്ടയാടൽ തുടങ്ങിയ ഭീഷണികൾ നേരിടുന്നുണ്ട്. സന്നദ്ധസേവാ സംഘടനകളുടെ സഹകരണത്തോടെ ഇവ തടയുന്നതിനായി പട്രോളിംഗ്, ബോധവൽക്കരണം എന്നിവ നടത്തി വരുകയും ആവശ്യമായ സന്ദർഭങ്ങളിൽ നിയമ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ ശക്തമാക്കുവാനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.